**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2752** **14-09-2023 - ൽ മറുപടിയ്ക്ക്**

**സമൂഹത്തിൽ സംരംഭകത്വ സംസ്കാരത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുവാൻ സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, എന്നീ ലക്ഷ്യങ്ങളോടെയാണ് 2023- ലെ കേരള വ്യവസായ നയം സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി വരുന്നത്. അതുവഴി സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് |
| (ബി) | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ ഹൈടെക് വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 2023-ൽ സർക്കാർ പ്രഖ്യാപിച്ച കേരള വ്യവസായ നയത്തിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഹൈടെക് വ്യവസായങ്ങൾ വികസിപ്പിക്കുന്നതനും പ്രത്യേക ഊന്നൽ നല്കിയിട്ടുണ്ട്. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻക്യുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായക കേന്ദ്രങ്ങൾ എന്നിവ വഴി സംരഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്.<br><br>ഒരു ലക്ഷം സൂക്ഷ്മ ഇടത്തരം ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ ആചരിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യ എട്ട് മാസം കൊണ്ടു തന്നെ ഒരു |

ലക്ഷം പുതിയ സംരംഭങ്ങൾ എന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാരിന് സാധിച്ചു.

സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സി - യിലൂടെ ഒരു കോടി രൂപവരെയുള്ള സ്കെയിൽഅപ്പ് വായ്പകൾ ലഭ്യമാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നൂതന ബിസിനസ് ആശയങ്ങൾ സ്റ്റാർട്ട് അപ്പുകളാക്കി മാറ്റുന്നതിനുള്ള ഫണ്ട് കണ്ടെത്തൽ സുഗമമാക്കുന്നതിന് അക്കാദമിക-വ്യാവസായിക പങ്കാളിത്തത്തോടെ സംസ്ഥാനതലത്തിൽ ഇന്നവേഷൻ ചലഞ്ചും ഹാക്കത്തോണുമുൾപ്പടെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും ഗവേഷണത്തിനും വികസനത്തിനും ഉൾപ്പടെയുള്ള പ്രവർത്തികൾക്ക് കേരളബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നീ സ്ഥാപനങ്ങളുടെ സംയുക്തമായ ഒരു വെഞ്ചർ കാപ്പിറ്റൽ ഫണ്ട് രൂപീകരിക്കാനും സർക്കാർ ആലോചിക്കുന്നു.

എം. എസ്. എം. ഇ-കളുടെ സാങ്കേതികവിദ്യാപ്രാപ്തിക്കും ഡിജിറ്റലൈസേഷനും വേണ്ടി സംസ്ഥാനത്തെ നിലവിലുള്ള ബിസിനസുകളുടെയും എം എസ് എം ഇ കളുടെയും വ്യവസായം 4.0 സന്നദ്ധത മാപ്പ് ചെയ്യുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിക്കുന്നതാണ്.

പൊതുമേഖലയെ നവീകരിക്കുന്നതിന് ഓരോ സ്ഥാപനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിദഗ്ധർ അടങ്ങുന്ന ഒരു പ്രത്യേക സംഘത്തെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാങ്കേതിക വിദ്യകളിലൂടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വൈവിധ്യവൽകരണത്തിലൂടെ സ്വയംപര്യപാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

മെഷീൻ ലേണിംഗ്, ഡാറ്റ അനലിറ്റിക്സ്, പ്രക്രിയകളുടെ ഓട്ടോമേഷൻ എന്നിവ സ്വീകരിക്കുന്നതിലൂടെ ഉൽപാദനമേഖലയിൽ ഡിജിറ്റൽവൽക്കരണം നടപ്പിലാക്കാനും ഉൽപാദനത്തിൽ വിപ്ലവമുണ്ടാക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും സർക്കാർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് കേരള വ്യവസായ നയം 2023. വ്യവസായങ്ങളുടെ വികസനം

| | | | |
|---|---|---|---|
| | | | സാധ്യമാകുന്നതിന് സാമ്പത്തിക പ്രോത്സാഹനങ്ങളും പിന്തുണയും വ്യാവസായിക നയപ്രകാരമുള്ള സബ്സിഡികൾ വഴി നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക എന്നിവ സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ചിലതാണ്. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഇലക്ട്രിക്ക് വെഹിക്കിൾ മുതലായ ഹൈടെക് വ്യവസായങ്ങൾ പുതിയ വ്യാവസായിക നയത്തിലെ 'സൺറൈസ്' മേഖലയിൽ ഉൾപെടുത്തിയിട്ടുണ്ട്. ആയതിനാൽ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇളവുകളും ഹൈടെക് വ്യവസായങ്ങൾക്കും ലഭിക്കുന്നതാണ്. |
| (സി) | വൻകിട വ്യവസായ പദ്ധതികളുടെ കാര്യത്തിൽ കൃത്യമായ മേൽനോട്ടവും പ്രവർത്തന പുരോഗതിയുടെ അവലോകനവും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വൻകിട വ്യവസായ പദ്ധതികളുടെ കാര്യത്തിൽ കൃത്യമായ മേൽനോട്ടവും പ്രവർത്തന പുരോഗതിയുടെ അവലോകനവും ഉറപ്പുവരുത്തുന്നതിനായി വ്യവസായ വകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകനയോഗങ്ങൾ ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലും അവലോകനയോഗങ്ങൾ നടത്തിവരുന്നു. |
| (ഡി) | സംസ്ഥാനത്ത് വ്യവസായ നയങ്ങളുടെയും പദ്ധതികളുടെയും സമയബന്ധിതമായ അവലോകനത്തിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ വ്യവസായ നയങ്ങളുടെയും പദ്ധതികളുടെയും സമയബന്ധിതമായ അവലോകനത്തിന് സർക്കാർ സജീവമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2018-ലെ വ്യവസായ വാണിജ്യ നയം സർക്കാർ ഫലപ്രദമായി പരിഷ്കരിച്ച് പുതുക്കിയ വ്യവസായ നയം (കേരള വ്യവസായ നയം 2023) പുറപ്പെടുവിച്ചു.<br><br>സംസ്ഥാനത്ത് വ്യവസായ നയങ്ങളുടെയും പദ്ധതികളുടെയും സമയബന്ധിതമായ അവലോകനം മന്ത്രിതലത്തിലും വ്യവസായ വകുപ്പിന്റെ ഉന്നത തലങ്ങളിലും നടത്തിവരുന്നു. കാലാകാലങ്ങളിൽ വ്യവസായ സമൂഹത്തിൽ നിന്നും ഉയർന്നുവരുന്ന |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾ അവലോകനം ചെയ്യുകയും, ആയത് നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ